LIBRARY ARCHIVES Kerala Legislative Assembly

കാപ്പെക്സ് ഫാക്ടറികളുടെ നവീകരണം

30(*30) ശ്രീ. എം. നൗഷാദ്:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ :

(എ) കാപ്പെക്സ് ഫാക്ടറികളുടെ നവീകരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനുമായി കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായുണ്ടായ നേട്ടങ്ങൾ ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

വിലയിരുത്തിയിട്ടുണ്ട്. 2016-17 മുതൽ 2020-21 വരെ കാപ്പെക്സിന്റെ അധീനതയിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവത്കരണവും എന്ന കണക്കിനത്തിൽ ആകെ 58.45 കോടി രൂപ (h/a 4851-00-195-99) പദ്ധതി വിഹിതത്തിൽ വകയിരുത്തിയിരുന്നുവെങ്കിലും കാപ്പെക്സ് ഫാക്ടറികളുടെ നവീകരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനുമായി 5.19 കോടി രൂപയാണ് (2016-17 കാലയളവിൽ 4 കോടി രൂപ +2020-21 കാലയളവിൽ 1.19 കോടി രൂപ) അനുവദിച്ചിരുന്നത്. പ്രസ്തുത 5.19 കോടി രൂപയുടെ ധനസഹായംകൊണ്ട് കാപ്പെക്സിന്റെ അധീനതയിലുള്ള പെരുമ്പഴ ഫാക്ടറി പൂർണ്ണമായും പുനർനിർമ്മിക്കുകയും കാപ്പെക്സ് ഹെഡ്ഡോഫീസും 10 ഫാക്ടറികളും പാക്കിംഗ് സെന്ററും തമ്മിൽ ഇന്റഗ്രേറ്റഡ് സോഫ്റ്റ്വെയർ കൊണ്ട് CCTV-കൾ മുഖേന ബന്ധിപ്പിക്കുകയും, കാപ്പെക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലെ ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് ഷെഡ്ഡുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും 10 ഫാക്ടറികളിൽ ആവശ്യമായ ടോയ്ലറ്റ്, ചുറ്റുമതിൽ മുതലായവ നിർമ്മിക്കുകയും, തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആധുനിക നിലവാരമുള്ള കട്ടിംഗ് മെഷീനുകൾ, പീലിംഗ് ടേബിളുകൾ, ഗ്രേഡിംഗ് ടേബിളുകൾ മുതലായവ വാങ്ങി 10 ഫാക്ടറികളിലായി സ്ഥാപിക്കുകയും ചെയ്തു. കൂടാതെ തോട്ടപുര, ഗോഡൗണുകൾ, യാർഡുകൾ, കുടിവെള്ള സംഭരണികൾ മുതലായവയുടെ അറ്റകുറ്റപ്പണികൾ നടത്തുകയുണ്ടായി. 2021-22 കാലയളവിലും കാപ്പെക്സിന്റെ അധീനതയിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനുമായി 371.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കാപ്പെക്സിന് 2016-17 മുതൽ 2020-21 വരെ നൽകിയ സർക്കാർ ധനസഹായം കൊണ്ട് കാപ്പെക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനം ലഭിക്കുകയും കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുകയും മെച്ചപ്പെട്ട ജീവിതനിലവാരമുണ്ടാകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആഗോള-ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിനും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവൽക്കരണത്തിനുമായി ഈ കാലയളവിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കാമോ; ഇതിനായി സർക്കാർ നൽകിയ ധനസഹായത്തിന്റെ വിശദാംശം ലഭ്യമാക്കാമോ?

കാപ്പെക്സിന് ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവത്കരണത്തിനുമായി 2016-17-ൽ 2 കോടി രൂപയും 2017-18-ൽ 40 ലക്ഷം രൂപയും ചേർത്ത് മൊത്തം 2.40 കോടി രൂപ സർക്കാർ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. 2021-22 കാലയളവിൽ പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിരുന്ന 50 ലക്ഷം രൂപയുടെ ധനസഹായത്തിന്റെ ഭരണാനുമതി കാപ്പെക്സിന് നൽകിയിട്ടുണ്ട്. കശുവണ്ടി പരിപ്പിന്റെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനായി വിവിധ എക്സിബിഷനുകളിൽ/സെമിനാറുകളിൽ പങ്കെടുക്കുകയും, പത്രപ്പരസ്യങ്ങൾ നൽകുകയും വൈവിധ്യമാർന്ന പൗച്ചുകളിൽ വിവിധ തരത്തിലുള്ള പരിപ്പുകൾ നിറച്ച് വിൽപ്പന നടത്തുകയും, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കാഷ്യൂ റോസ്റ്റഡ് & സാൾട്ടഡ്, കാഷ്യൂ ചില്ലി, കാഷ്യൂ പെപ്പർ മുതലായ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിൽപ്പന നടത്തി വരികയുംചെയ്യുന്നു. ആഭ്യന്തര മാർക്കറ്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി റീട്ടെയിൽ സെയിൽസിന് കൂടുതൽ പ്രാമുഖ്യം നൽകുകയും ഫ്രാഞ്ചൈസി, ഷോറൂം, ലോക്കൽ സെയിൽസ് മുതലായവ വർദ്ധിപ്പിക്കുകയും വിവിധ സർക്കാർ ഔട്ട് ലെറ്റുകൾ (പോലീസ് കാന്റീനുകൾ, കൺസ്യൂമർഫെഡ് മുതലായവ) വഴി വിൽപ്പന നടത്തുകയും ചെയ്യുകയുണ്ടായി. ഇതുമൂലം 2016-17 കാലയളവിൽ 45.84 കോടി രൂപയുടെ വിറ്റുവരവും 2017-18 കാലയളവിൽ 86.86 കോടി വിറ്റുവരവും 2018-19 കാലയളവിൽ 76.51 കോടി വിറ്റുവരവും 2019-20 കാലയളവിൽ 85.18 കോടി രൂപയുടെ വിറ്റുവരവും 2020-21 കാലയളവിൽ കോവിഡ് മഹാമാരി കാപ്പെക്സിന്റെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിച്ചുവെങ്കിലും 46.88 കോടി രൂപയുടെ വിറ്റുവരവും കാപ്പെക്സിന് ലഭിക്കുകയുണ്ടായി.

(സി) കാപ്പെക്സിന്റെ നിലവിലെ സ്ഥിതിയെന്താണെന്നും എന്തെല്ലാം പുതിയ പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്നും അറിയിക്കാമോ?

കോവിഡ് മഹാമാരിക്കിടയിലും പ്രോട്ടോക്കോൾ അനുസരിച്ച് കാഷ്യൂ ബോർഡ് വഴി തോട്ടണ്ടി ഇറക്കുമതി ചെയ്ത് കാപ്പെക്സിന്റെ അധീനതയിലുള്ള ഫാക്ടറികൾ പ്രവർത്തിച്ചുവരുന്നു. കാപ്പെക്സ് പൂർണ്ണമായും സർക്കാർ ധനസഹായത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ബാങ്കുകളിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ കാപ്പെക്സ് യാതൊരു സാമ്പത്തിക സഹായവും സ്വീകരിക്കുന്നില്ല.

വർഷാവർഷം പദ്ധതി വിഹിതത്തിൽ സർക്കാർ വകയിരുത്തി നൽകുന്ന ധനസഹായംകൊണ്ടാണ് കാപ്പെക്സ് പ്രവർത്തിച്ചുവരുന്നത്. 2021-22 കാലയളവിൽ കാപ്പെക്സിന്റെ കശുവണ്ടി ഫാക്ടറികളിലെ നവീകരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനും (h/a 4851-00-195-99) വകയിരുത്തിയിരുന്ന 5 കോടി രൂപയിൽ നിന്നും 371.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അതുപോലെ ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവത്ക്കരണവും നടത്തുന്നതിന് (h/a 2852-08-600-81) എന്ന ശീർഷകത്തിൽ 2021-22 കാലയളവിൽ വകയിരുത്തിയിരുന്ന 50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി കാപ്പെക്സിന് നൽകിയിട്ടുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പ്രളയ പുനരധിവാസം

1(1) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയ സെസ്സിന്റെ ഭാഗമായി ലഭിച്ച തുക പ്രളയ പുനരധിവാസ പ്രവർത്തനങ്ങൾക്കായി കൈമാറിയിട്ടുണ്ടോ;

&

(ബി) ഇല്ലെങ്കിൽ പ്രളയംമൂലം വീടുകളും ജീവനോപാധിയും നഷ്ടപ്പെട്ട നിരവധി കുടുംബങ്ങൾ ഇപ്പോഴും ബുദ്ധിമുട്ടുമ്പോൾ പ്രളയ സെസ്സിലൂടെ ലഭിച്ച തുക റീബിൽഡ് കേരളയ്ക്ക് കൈമാറാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(സി) പ്രളയ പുനരധിവാസ പ്രവർത്തനങ്ങൾക്കായി ഏതൊക്കെ അന്താരാഷ്ട്ര ഏജൻസികളിൽനിന്നും സഹായം/വായ്പ ലഭ്യമാക്കിയിട്ടുണ്ടെന്നും എത്ര തുക വീതമാണ് ലഭിച്ചതെന്നുമുള്ള കണക്ക് ലഭ്യമാണെങ്കിൽ വെളിപ്പെടുത്തുമോ?

സംസ്ഥാന ബഡ്ജറ്റ് വിഹിതം (ലോകബാങ്ക്, എ.ഡി.ബി, ജെ.ഐ.സി.എ., കെ.എഫ്.ഡബ്ല്യു. എന്നിവയിൽനിന്നുള്ള വായ്പാ വിഹിതം ഉൾപ്പെടെ), കേന്ദ്ര ഫണ്ടുകളിൽനിന്നുള്ള അധികവിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ഫ്ലക്സി ഫണ്ട്, ക്രൗഡ് ഫണ്ടിങ്ങ്, സി.എം.ഡി.ആർ.എഫ്. തുടങ്ങിയ സ്രോതസ്സുകളിലൂ

LIBRARY ARCHIVES Kerala Legislative Assembly